(ഡി) ഈ വർഷം സംസ്ഥാനത്ത് കൂടുതൽ കാലം മഴ ലഭിച്ചതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാലാവസ്ഥ പ്രവചനം കുറ്റമറ്റതും കാര്യക്ഷമവുമാക്കുന്നതിനുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരിന് കീഴിലുള്ള കാലാവസ്ഥ മന്ത്രാലയമാണ് ചെയ്തു വരുന്നത്.

(ബി) വിവിധ അന്തരീക്ഷ ശാസ്ത്ര പഠനങ്ങൾക്കു വേണ്ടി സെന്ട്രലെ അന്തരീക്ഷ ശാസ്ത്രവിഭാഗം മണ്ണ് Weather Stations സ്ഥാപിച്ചിട്ടുണ്ട്.

(സി) കാലാവസ്ഥാ മാറ്റങ്ങളുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്:

1. കൊച്ചിയിലെ താപത്തുരുത്തുകളെപ്പറ്റിയുള്ള പഠനം.

2. കാലാവസ്ഥ മാറ്റവുമായി ബന്ധപ്പെട്ട അന്തരീക്ഷ വാതകങ്ങളും സൗര അൾട്രാവയലറ്റ് വികിരണങ്ങളും.

3. സഹ്യാദ്രിയിലെ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ആഘാതങ്ങളെ പറ്റിയുള്ള പഠനങ്ങൾ.

4. ഭൂവിനിയോഗവും കാലാവസ്ഥാ വ്യതിയാനവുമായുള്ള ബന്ധം.

(ഡി) ഇല്ല.

(ഇ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള കാലാവസ്ഥാ മന്ത്രാലയമാണ് ഇത് ചെയ്തു വരുന്നത്.

പുതിയ തസ്തികകൾ

25(1267) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതൊക്കെ വകുപ്പിൽ എത്ര വീതമെന്ന് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly